# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.5147 22.05.2017 ലെ മറുപടി

### പാലക്കാട് ജില്ലയിൽ കൃഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് .: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ ഒന്നാംവിള, രണ്ടാംവിള തുടങ്ങിയ കൃഷികൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിന് ഈ വർഷം കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) ഒന്നാംവിളയ്ക്ക് ആവശ്യാനുസരണം ജലം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഈ വർഷത്തെ കടുത്ത വരൾച്ച മൂലമുണ്ടായ കുടിവെള്ള ക്ഷാമം ലഘൂകരിക്കുന്നതിന്റെ ഭാഗമായി, കുടിവെള്ളത്തിന് പ്രാധാന്യം നല്കിക്കൊണ്ട് ജലവിതരണം നടത്തുവാൻ പാലക്കാട് ജില്ലാ കളക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത രീതിയിൽ ജലവിതരണം നടത്തുകയും ആയതുകൊണ്ട് രണ്ടാം വിളയ്ക്ക് ആവശ്യമായ ജലം പൂർണ്ണമായും ലഭ്യമാക്കാൻ കഴിഞ്ഞില്ല. പ്രസ്തുത വിഷയം കർഷക പ്രതിനിധികളുടെ സാന്നിധ്യത്തിൽ കർഷകരെ നേരത്തെതന്നെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി വരും വർഷങ്ങളിൽ കൃഷിയ്ക്ക് മുടക്കം കൂടാതെ ജലം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നത്; വിശദവിവരം നൽകുമോ; ഇതിനായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുമോ? | (ബി) തെക്കു പടിഞ്ഞാറൻ കാലവർഷവും തുലാവർഷവും നല്ല രീതിയിൽ ലഭിക്കുകയാണെങ്കിൽ, ജലം പാഴാകാതെ ജലസംഭരണികളിൽ സംഭരിച്ചുകൊണ്ട് കൃഷിക്ക് ആവശ്യമായ രീതിയിൽ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ